(ii) പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. എ. എ. റഹിം: പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തേഴാമതും ഇരുപത്തെട്ടാമതും റിപ്പോർട്ടുകൾ ഞാൻ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. ശ്രീ. പി. സി. ജോസഫിന്റെ പ്രസ്താവന

ശ്രീ. പി. സി. ജോസഫ്: സർ, ഒരു സബ്മിഷൻ. രാജസ്ഥാനിൽ വച്ച് കോതമംഗലത്തുകാരിയായ മേരിയുടെ വേദനിപ്പിക്കുന്ന, ഞെട്ടിപ്പിക്കുന്ന മരണത്തിന്റെ ആഘാതത്തിൽനിന്നും മുക്തിപ്രാപിക്കുന്നതിനു മുൻപുതന്നെ അതിൽനിന്നും വ്യത്യസ്തമല്ലാത്ത സാഹചര്യത്തിൽ കോട്ടയത്ത് കുമാരനല്ലൂർ പരിയാരത്ത് മാലിയിൽ കെ. പി. ചാക്കോയുടെ പുത്രി അമ്മിണി അവിടെവച്ച് മരണപ്പെടുകയുണ്ടായി. മരണകാരണം വ്യക്തമല്ല. 20-ാം തീയതി വീട്ടിലേയ്ക്ക് അയച്ച കത്ത് മരണവൃത്താന്തം രേഖപ്പെടുത്തിയ ടെലഗ്രാം വന്നതിനുശേഷം 24-ാം തീയതി പിതാവിനു ലഭിക്കുകയുണ്ടായി. അതിൽ പറഞ്ഞിരുന്നത് ഒക്ടോബർ 4-ാം തീയതി വീട്ടിലേയ്ക്ക് തിരിക്കും എന്നാണ്. 24-ാം തീയതി രാവിലെ വീണ്ടും ഒരു കമ്പിസന്ദേശം ലഭിച്ചു, അമ്മിണി പെട്ടെന്ന് മരണമടഞ്ഞു, മൃതദേഹം ഇവിടെ സംസ്കരിച്ചു എന്ന്. വളരെ ക്രൂരമായി ബലാൽസംഗം ചെയ്യപ്പെട്ട് കൊലചെയ്യപ്പെട്ട മേരിയുടെ മരണത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ രാജസ്ഥാൻ ഗവൺമെൻറിൽനിന്നും കിട്ടിയ മറുപടി ജീപ്പപകടത്തിൽ മരണപ്പെട്ടുവെന്നാണ്. അതുപോലെതന്നെ അമ്മിണിയുടെ മരണത്തെക്കുറിച്ചന്വേഷിച്ചാലും രാജസ്ഥാൻ ഗവൺമെൻറ് പറയുന്നതും ഇപ്രകാരമായിരിക്കും. മേരിയുടെ മരണത്തെക്കുറിച്ചുള്ള ചോദ്യോത്തരവേളയിൽ ശ്രീ. കെ. എം. മാണി നിർദ്ദേശിച്ചതുപോലെ ഈ ഗവൺമെൻറിന്റെ ഒരു പ്രതിനിധി രാജസ്ഥാൻ ഗവൺമെൻറുമായും കേന്ദ്രഗവൺമെൻറുമായും ബന്ധപ്പെട്ടുകൊണ്ട് വേണ്ട അന്വേഷണം നടത്തണം. കേരളത്തിൽനിന്നും അന്യനാടുകളിലേക്കുപോയി പണിയെടുക്കുന്ന സഹോദരിമാരുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകുന്നതിനുള്ള ഏർപ്പാട് അടിയന്തിരമായും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): ഇന്ന് മുഖ്യമന്ത്രിമാരുടെ ഒരു കോൺഫറൻസ് ഡെൽഹിയിൽ നടക്കുന്നുണ്ട്. ഈ കാര്യത്തെക്കുറിച്ച് നമ്മുടെ മുഖ്യമന്ത്രി സംസാരിക്കാമെന്ന് ഏറ്റിട്ടുണ്ട്. അദ്ദേഹം വന്നതിനുശേഷം എന്തു നടപടിയാണ് കൈക്കൊള്ളേണ്ടതെന്ന് തീരുമാനിക്കാം.

ശ്രീ. കെ. എം. മാണി: അമ്മിണിയുടെ കൊലപാതകത്തെക്കുറിച്ച് മുഖ്യമന്ത്രിയുമായി സംസാരിച്ചിട്ടുണ്ടോ? ഇത് ഇന്നാണല്ലോ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ആ സ്ഥിതിക്ക് മുഖ്യമന്ത്രി അറഞ്ഞിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: അമ്മിണിയുടെ മരണം ഇന്നത്തെ പത്രത്തിലൂടെയാണ് അറിഞ്ഞത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്നതിനുശേഷം രാജസ്ഥാൻ മുഖ്യമന്ത്രിയുമായി സമ്പർക്കം പുലർത്തുവാൻ പറയാം; വേണ്ട നടപടികളും സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly